**പതിനാലാം കേരളനിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4182** **24.10.2016-ൽ മറുപടിക്ക്**

**പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ബന്ധപ്പെട്ട പൊലീസ് സ്റ്റേഷൻ പരിധിയിലെ മുതിർന്ന പൗരന്മാരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കി തയ്യാറാക്കി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലെയും പരിധിയിലെ മുതിർന്ന പൗരന്മാരുടെ പട്ടിക കാലാകാലങ്ങളിൽ തയ്യാറാക്കി സൂക്ഷിച്ചു വരുന്നുണ്ട്. |
| (സി) | മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആഭ്യന്തര വകുപ്പിനു കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ? | (സി) | മുതിർന്ന പൗരന്മാരുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് സന്നദ്ധ സംഘടനകളുമായി ചേർന്നുകൊണ്ട് മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തി വരുന്നുണ്ട്. ഇതിനു പുറമെ ജനമൈത്രി പോലീസിലെ ബീറ്റ് ഓഫീസർമാർ ഇവരുടെ താമസ സ്ഥലത്ത് എത്തി ഇവർക്ക് വേണ്ട സഹായങ്ങൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ